പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6269 07.11.2016-ലെ മറുപടിക്ക്

## മലപ്പുറം ഡിപ്പോയിൽ നിന്ന് അന്തർ സംസ്ഥാന സർവ്വീസുകൾ

ചോദ്യം

ശ്രീ. പി.ഉബൈദുള്ള

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലാ ആസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് നിലവിലുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ ഏതെല്ലാമാണ്; പുതിയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | മലപ്പുറം യൂണിറ്റിൽ നിന്നും ഒരു ഊട്ടി സർവ്വീസും, ഒരു ബാംഗ്ലൂർ സർവ്വീസും നിലവിലുണ്ട്. എന്നാൽ ബാംഗ്ലൂർ സർവ്വീസ് ആദായകരമായി നടത്താൻ കഴിയാത്തതിനാൽ ടി സർവ്വീസ് താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കേരളവും കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ മലപ്പുറം ഡിപ്പോയിൽ നിന്നും കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. |
| (ബി) | ഡിപ്പോ നവീകരണ ശിലാസ്ഥാപന ചടങ്ങിൽ മന്ത്രി പ്രഖ്യാപിച്ച ബാംഗ്ലൂർ ഡീലക്സ് സർവ്വീസ് ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സർവ്വീസ് എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | മലപ്പുറത്ത് നിന്നും നടത്തി വന്നിരുന്ന ബാംഗ്ലൂർ സർവ്വീസ് വരുമാനക്കുറവ് മൂലം താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. നിലവിൽ ഡീലക്സ് ബസ്സുകൾ ലഭ്യമല്ലാത്തതിനാലാണ് ഇതുവരെയും സർവ്വീസ് പുനരാരംഭിക്കാത്തത്. |
| (സി) | ഏർവാടി, ഗൂഡല്ലൂർ, പറശ്ശിനിക്കടവ് റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഏർവാടി, ഗൂഡല്ലൂർ എന്നിവിടങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തണമെങ്കിൽ അന്തർ സംസ്ഥാന കരാറിൽ ഈ റൂട്ടുകൾ ഉൾക്കൊള്ളിച്ചിരിക്കണം. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ ടി റൂട്ടുകൾ |

| | | |
|---|---|---|
| | | ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ ആരംഭിക്കുവാൻ കഴിയുകയില്ല. പറശ്ശിനിക്കടവ് തുടങ്ങി സംസ്ഥാനത്തിനകത്ത് ആരംഭിക്കാനുള്ള സർവ്വീസുകൾ സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സുകളുടെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ